**പൊതി വ്യവസായമേഖലയിൽ മിനിമം കൂലി**

15 (*645) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതി വ്യവസായമേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് നടപ്പിലാക്കിയത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) മിനിമം കൂലി പൊതി സ്ഥാപനങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പൊതി തൊഴിലാളികളുടെ പ്രസ്തുത മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) പൊതി വ്യവസായമേഖലയിൽ അവസാനമായി മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് 8-1-2010-ലെ സർക്കാർ ഉത്തരവ് (കൈ) നം.5/2010/തൊഴിൽ പ്രകാരമാണ്.

(ബി) ഉണ്ട്. മിനിമം കൂലി ലഭിക്കുന്നില്ലായെന്ന പരാതികൾ വരികയാണെങ്കിൽ അവ പരിശോധിച്ച് മിനിമം കൂലി നൽകുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടപടി സ്വീകരിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**റോമിയോ കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനം**

16 (*646) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബാബു എം. പാവിശ്ശേരി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ കൗൺസിൽ ഓഫ് റോമിയോപ്പതി, റോമിയോ കോളേജുകളിൽ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) സംസ്ഥാനത്തെ ഒരു റോമിയോ കോളേജിലേക്കും പ്രവേശനം നൽകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൃപ്തികരമായ അടിസ്ഥാന സൗകര്യം ഒരുക്കാനായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) 2014-ൽ സെൻട്രൽ കൗൺസിൽ ഓഫ് റിസർച്ച് ഇൻ ഹോമിയോപ്പതി റിസർച്ച് ഇൻ ഹോമിയോ കോളേജുകളിൽ നടത്തിയ പരിശോധനകളുടെ റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല.

(ബി) ആരോഗ്യവകുപ്പ് സെക്രട്ടറി ഇതുസംബന്ധിച്ച അർദ്ധ ഔദ്യോഗികകത്ത് ആയുഷിന് നൽകിയിട്ടുണ്ട്. അടുത്ത ആഴ്ചയോടുകൂടി ബന്ധപ്പെട്ട റിപ്പോർട്ട് ആയുഷിൽനിന്നും ലഭ്യമാക്കുമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് റിസർച്ച് ഇൻ ഹോമിയോപ്പതിയിൽ നിന്നും ഫോൺ സന്ദേശവും ലഭിക്കുകയുണ്ടായി.

(സി) ഇതുവരെ ലഭ്യമായ റിപ്പോർട്ടുകളിൽ അടിസ്ഥാന സൗകര്യം തൃപ്തികരമല്ലായെന്ന് സെൻട്രൽ കൗൺസിൽ ഓഫ് റിസർച്ച് ഇൻ ഹോമിയോപ്പതി രേഖപ്പെടുത്തിയിട്ടില്ല.

**ടേർഷ്യറി ക്യാൻസർ കെയർ പദ്ധതി**

17 (*647) ശ്രീമതി വി. അയിഷാ പോറ്റി :
ശ്രീ. സാജു പോൾ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടേർഷ്യറി കാൻസർ കെയറിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിവരം നൽകാമോ ; ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ ;

(ബി) അർബുദരോഗ ബോധവൽക്കരണത്തിനും രോഗനിർണ്ണയത്തിനുമായി പ്രഖ്യാപിച്ച പരിപാടി പ്രാവർത്തികമായോ എന്ന് അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ടേർഷ്യറി ക്യാൻസർ കെയർ പദ്ധതിയിൻകീഴിൽ ആർ.സി.സി.യെ ഒരു സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിലേയ്ക്കായി ഒരു പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തിരുവനന്തപുരം ആർ.സി.സി.ക്ക് 120 കോടി രൂപ അനുവദിച്ചുനൽകുകയും ആർ.സി.സി.യെ ഒരു സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സഹായമായി ലഭിച്ച 120 കോടി രൂപ പുതുതായി യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും നിലവിലുള്ള ആർ.സി.സി. കെട്ടിടത്തിന്റെ നവീകരണത്തിനുമായി നീക്കിവച്ചി

LIBRARY ARCHIVES Kerala Legislative Assembly